പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1900

14-07-2011-ൽ മറുപടിയ്ക്ക്

## തോട്ടുകളും കായലോരങ്ങളും സംരക്ഷിക്കുവാൻ നടപടി

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | ഉത്തരം<br>ശ്രീ.പി.ജെ.ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) തീരദേശ മണ്ഡലമായ വൈപ്പിനിലെ തോട്ടുകളും കായലോരങ്ങളും കടൽഭിത്തി കെട്ടി സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ പ്രാധാന്യവും കണക്കിലെടുത്ത് സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. |
| (ബി) ബജറ്റിലൂടെയും, നബാർഡ് സഹായത്തോടെയും, റിവർ മാനേജ് മെന്റ് സ്കീമിലൂടെയും, മണ്ഡലത്തിലെ എത്ര തോട്ടുകൾ കടൽഭിത്തി കെട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) കഴിഞ്ഞ സാമ്പത്തിക വർഷം എളങ്കുന്നപ്പുഴ പഞ്ചായത്തിലെ ആർ.എം.പി തോടിന്റെ ഒന്നാം റീച്ചിന്റെ സംരക്ഷണ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ രണ്ടാം റീച്ചിന്റെ പണിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ജിഡ ഫണ്ടുപയോഗിച്ച് വല്ലാർപാടം ബണ്ടിന്റെ നാല് സംരക്ഷണ പണികൾ നടന്നു വരുന്നു. ഇതിനായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വല്ലാർപാടം ബണ്ടിന്റെ ബാക്കിയുള്ള ഭാഗത്തിന്റെ പുനരുദ്ധാരണത്തിനും സ്ലൂയിസുകളുടെ നിർമ്മാണത്തിനുമായി 505 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ജിഡ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. |
| (സി) സംരക്ഷിച്ച തോട്ടുകൾ ഏതെല്ലാമെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ? | ആർ.എം.പി തോട് - എളങ്കുന്നപ്പുഴ പഞ്ചായത്ത്<br>വല്ലാർപാടം ബണ്ട് - മുളവുകാട് പഞ്ചായത്ത് |

സെക്ഷൻ ഓഫീസർ